# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2828

20/12/2012-ൽ മറുപടിയ്ക്ക്

## സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ നികത്തപ്പെടാതെ കിടക്കുന്ന സീറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ. പി. കെ. അബ്ദുറബ്ബ് (ഉന്നത. വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| 1 | 1 |
| സംസ്ഥാനത്തെ വിവിധ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2012 ൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് നടത്താൻ ലഭ്യമായിരുന്നത് 22079 സീറ്റുകളായിരുന്നു. ഇതിൽ 20-08-2012 ലെ അവസാന ഘട്ട അലോട്ടുമെന്റോടു കൂടി 14817 സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നൽകിയിട്ടുണ്ട്. ആ നിലക്ക് 7262 സീറ്റുകൾ ഒഴിവുണ്ടായിരുന്നു. പ്രസ്തുത കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നടത്തുന്നത് അതത് മാനേജ്മെന്റുകളായതിനാൽ മാനേജ്മെന്റ് സീറ്റുകൾ എത്രയെണ്ണം ഒഴിവുണ്ടെന്ന വിവരം ലഭ്യമല്ല . |

സെക്ഷൻ ഓഫീസർ